**പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം)**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(സാന്നിധ്യം: ഹരിലാൽ റ്റി എൻ)**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം - ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) ഇക്കണോമിക്സ് തസ്തികയിൽ 45600-95600/- രൂപ ശമ്പള സ്കെയിലിൽ, എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റൻറ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നുമുള്ള തസ്തികമാറ്റ നിയമനങ്ങളിലുണ്ടായ എൻ.ജെ.ഡി ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **No.HSE/10156/2026-Ad C4** | **Dated: 25-09-2026** |
|---|---|

പരാമർശം:
1. 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001/പൊ.വി.വ നമ്പർ ഉത്തരവ്.
2. 10/03/2025 തീയതിയിലെ സ.ഉ (അച്ചടി) നം.10/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 01/09/2025 തീയതിയിലെ Civil Appeal No.1385/2025 ന്മേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ്.
4. 15/03/2026 തീയതിയിലെ സ.ഉ (കൈ) നം.80/2026/പൊ.വി.വ നമ്പർ ഉത്തരവ്.
5. 16/05/2026 തീയതിയിലെ HSE/5592/2025-Ad B2 നമ്പർ ഉത്തരവ് പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
6. 23/05/2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
7. 14/08/2026 തീയതിയിലെ HSE/5592/2025-Ad B2 നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി ചെയ്ത ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരളത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ മൊത്തം ഹയർ സെക്കൻഡറി അധ്യാപക ജൂനിയർ തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പരാമർശം (2) സർക്കാർ ഉത്തരവിലെ

നിർദ്ദേശപ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ **29/12/2020** മുതൽ **01/06/2025** വരെയുണ്ടായ ഒഴിവുകളിലേക്ക് എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കൻഡറി വിഭാഗം), ലാബ് അസിസ്റ്റന്റ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും യോഗ്യരായവർക്ക് യഥാക്രമം **70:20:5:5** എന്ന അനുപാതത്തിൽ പരാമർശം **(6)** പ്രകാരം നിയമന ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റ നിയമനത്തിൽ എച്ച്.എസ്.റ്റി., യു.പി.എസ്.റ്റി./എൽ.പി.എസ്.റ്റി വിഭാഗങ്ങളിലായി എൻ.ജെ.ഡി ഒഴിവുകൾ നിലവിലുണ്ട്.

**2.** ടി എൻ.ജെ.ഡി. ഒഴിവുകളിലേക്ക് പരാമർശം **(5), (7)** പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ അർഹരായ അടുത്ത ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം നൽകേണ്ടതുണ്ട്.

**3.** മേൽ സാഹചര്യത്തിൽ, പരാമർശം **(3)**-ലെ ബഹു. സുപ്രീം കോടതി വിധിയുടെയും പരാമർശം **(4)**-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ, നിലവിൽ ടെറ്റ് യോഗ്യത നേടിയിട്ടുള്ള അധ്യാപകർക്ക് സ്ഥിരമായും; പ്രസ്തുത യോഗ്യത നേടിയിട്ടില്ലാത്ത എച്ച്.എസ്.റ്റി., യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി വിഭാഗം അധ്യാപകരിൽ **01/09/2025** മുതൽ **2** വർഷത്തിനകം ടെറ്റ് യോഗ്യത നേടണമെന്ന നിബന്ധനയ്ക്ക് വിധേയമായി ബോണ്ട്/സമ്മതപത്രം സമർപ്പിച്ചവർക്ക് താൽക്കാലികമായും തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

**4.** പരാമർശം **(5)**-ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ബോണ്ട്/സമ്മതപത്രം സമർപ്പിക്കാത്തവരെ പ്രസ്തുത നിയമനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**5.** ഇപ്രകാരം, യോഗ്യരായ ചുവടെ പറയുന്ന അദ്ധ്യാപകർക്ക് അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകളിലേക്ക് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) ഇക്കണോമിക്സ് തസ്തികയിൽ

തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു:

| ക്രമ. നം. | സീ. ലിസ്റ്റിലെ ക്രമ നം. | പേര്, ജനന തീയതി, പെൻ | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ/ ഓഫീസ് | വിഭാഗം | നിയമനം നൽകുന്ന സ്കൂൾ | റിമാർക്സ് |
|---|---|---|---|---|---|---|
| **2020 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തസ്തികമാറ്റ നിയമനം ലഭ്യമാകുന്നവർ** | | | | | | |
| 1 | 50 | SHINJUSHA N R, 30-04-1983, 739767 | G. H. S. S . Niramaruthur (19079) | HST | 11164 - GOVT. HSS, THRIKKAV, PONNANI, MALAPPURAM | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| **2021 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തസ്തികമാറ്റ നിയമനം ലഭ്യമാകുന്നവർ** | | | | | | |
| 2 | 57 | SWAPNA M, 25-04-1982, 743271 | Govt. H.S.S. KALLAR (30012) | HST | 06061 - ELAPPARA PANCHAYATH HSS, IDUKKI | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 3 | 58 | ASMA MOL M, 06-04-1980, 744371 | G.H.S.Chunda mpatta (20018) | HST | 09084 - GOVT. HSS, CHUNDANPETTAH, PALAKKAD | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 4 | 59 | RAJENDRAN N, 30-05-1976, 767647 | Govt. H S Ayilam ( 42085) | HST | 01042 - GOVT VHSS, VELLANAD, TRIVANDRUM | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 5 | 60 | KEERTHIMON K K, 04-03-1979, 614684 | Govt Girl`s HSS Cherthala (34024) | HST | 04009 - GOVT HSS, PERUMPALAM, ALAPPUZHA | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 6 | 61 | JOSEMON A, 20-05-1982, | G. B. H. S . S. Tirur (19 | HST | 11162 - GOVT. HSS, PERASSANNOO | താത്കാലിക തസ്തികമാറ്റ നിയമനം |

| | | | | | | |
|---|---|---|---|---|---|---|
| | | 477803 | 016) | | R, MALAPPURAM | ഖണ്ഡിക 3,6 ബാധകം |
| 2022 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തസ്തികമാറ്റ നിയമനം ലഭ്യമാകുന്നവർ | | | | | | |
| 7 | 64 | PREETHY V, 25-05-1974, 749185 | G.H.S.S Vazhakkad (18004) | HST | 11001 - GOVT GHSS, MALAPPURAM, MALAPPURAM | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 8 | 65 | AJITHA CHELLATH, 03-04-1971, 534040 | Govt. VHSS Kadirur (14015) | HST | 13103 - GOVT. HSS, MAMBRAM, KANNUR | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 2023 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തസ്തികമാറ്റ നിയമനം ലഭ്യമാകുന്നവർ | | | | | | |
| 9 | 14 | ANOOP C, 31-05-1981, 480943 | GMUPS Areacode (48237) | UPST/LPST | 10010 - GOVT VHSS, MEPPAYUR, KOZHIKKODE | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 10 | 68 | PRAMOD P K, 15-04-1977, 446831 | G. H. S. S. Madikai (12017) | HST | 14067 - GOVT. HSS, SHIRIYA, KASARGODE | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 11 | 69 | THRIVENI C, 30-05-1983, 758858 | Govt. G. H. S. S. Karamana (43076) | HST | 02008 - GOVT HSS, VELLAMANAL, KOLLAM | |
| 12 | 70 | VIDYA S, 13-05-1979, 764126 | Govt. G. H. S. S. Harippad (35029) | HST | 04012 - GOVT MUHAMADEN'S HSS, ALAPPUZHA | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |
| 2024 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തസ്തികമാറ്റ നിയമനം ലഭ്യമാകുന്നവർ | | | | | | |
| | | PRAVEENKUMAR C, | G H S NANNIODE ( | | 09079 - BHAGAVATHI GOVT. HSS, VANNAMADA, CH | താത്കാലിക തസ്തികമാറ്റ നിയമനം |

| | | | | | | |
|---|---|---|---|---|---|---|
| 13 | 57 | 29-05-1976, 406834 | 21131) | HST | ITTUR, PALAKKAD | ഖണ്ഡിക 3,6 ബാധകം |
| 14 | 71 | SANGAMITHRA T G, 05-05-1975, 407370 | G. H. S. S . Villadam (22083) | HST | 08010 - GOVT HSS, PEECHI,THRISSUR | താത്കാലിക തസ്തികമാറ്റ നിയമനം ഖണ്ഡിക 3,6 ബാധകം |

6. ബോണ്ട് / സമ്മതപത്രം സമർപ്പിച്ച അധ്യാപകർ 01/09/2027 -നകം ടെറ്റ് യോഗ്യത നേടേണ്ടതും ആയത് പ്രിൻസിപ്പൽ മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. 2027 -ൽ സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർ, വിരമിക്കൽ തീയതിക്ക് 2 മാസം മുൻപായി തന്നെ നിർബന്ധമായും ടെറ്റ് യോഗ്യത നേടേണ്ടതാണ്. മേൽ പ്രകാരം ടെറ്റ് യോഗ്യത നേടാത്ത അധ്യാപകരെ സർക്കാർ തീരുമാനത്തിന് വിധേയമായി അവരുടെ പഴയ തസ്തികയിലേക്ക് റിവേർട്ട് ചെയ്യുന്നതും കൂടാതെ ടി. കാലയളവിൽ മേൽ അധ്യാപകർക്ക് ടി. തസ്തികയിൽ ലഭിച്ച എല്ലാ ആനുകൂല്യങ്ങളും തിരിച്ചടയ്ക്കേണ്ടതുമാണ്.

7. നിയമനം ലഭിച്ച അധ്യാപകർ/ജീവനക്കാർ വിദ്യാഭ്യാസ യോഗ്യത (തുല്യത ഉൾപ്പെടെ) തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 7 ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള ഓഫീസ് മേലധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരുടെ നിയമന ഉത്തരവ് റദ്ദാക്കുന്നതാണ്.

8. ടി. അധ്യാപകർ/ജീവനക്കാർക്ക് ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ, സ്കൂൾമാറ്റം എന്നിവ അനുവദിക്കുന്നതല്ല.

9. ബി.എഡ് യോഗ്യത നേടിയിട്ടില്ലാത്ത അധ്യാപകർ/ജീവനക്കാർ സ്പെഷ്യൽ റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി സമയബന്ധിതമായി ബി.എഡ് യോഗ്യത നേടേണ്ടതാണ്.

10. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് നിയമനം ലഭിച്ച അധ്യാപകർ/ജീവനക്കാർ ടി. തസ്തികയിൽ തുടരാൻ യോഗ്യരല്ലായെന്ന്

തുടർ പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി. അധ്യാപകരെ/ജീവനക്കാരെ അവരുടെ പഴയ ലാവണത്തിലേക്ക് റിവേർട്ട് ചെയ്യുന്നതാണ്.

**11. അടുത്ത പൊതുസ്ഥലം മാറ്റത്തിലോ/ കോടതി/ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അധ്യാപകരെ ടി. സ്കൂളിൽ നിയമിക്കുന്ന പക്ഷം ടി. അധ്യാപികയെ/അധ്യാപകനെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.**

<u>ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്:</u>

- അധ്യാപകരെ/ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
- നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് പരിശോധിക്കേണ്ടതാണ്.
- നിലവിൽ ടെറ്റ് യോഗ്യത ഇല്ലാത്ത അധ്യാപകരുടെ നിയമന ഉത്തരവിനൊപ്പം ലഭിക്കുന്ന ബോണ്ട് / സമ്മതപത്രം പരിശോധിച്ച് ആയത് ടി അധ്യാപകരുടെ സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.
- അധ്യാപകരെ/ ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷം ആയത് dhse.ker@gmail.com ഇമെയിൽ ഐഡിയിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. **കൂടാതെ ടി അധ്യാപകരെ വകുപ്പിൻ്റെ വെബ് സൈറ്റായ dhsetransfer.kerala.gov.in -ൽ അതേ ദിവസം തന്നെ ചേർക്കേണ്ടതും ഇവരുടെ നിയമനം 'conditional status' എന്ന് രേഖപ്പെടുത്തേണ്ടതാണ്.**
- അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അധ്യാപകർ/ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ

**dhse.ker@gmail.com** ഇമെയിൽ ഐഡിയിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും അദ്ധ്യാപകരെ/ ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

Digitally signed by
Harilal T N
Date: 25-09-2026
16:39:17

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

1. ബന്ധപ്പെട്ട വ്യക്തിക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽ, ഡി.ഇ.ഒ/ എ.ഇ.ഒ/എച്ച്.എം, ആർ.ഡി.ഡി
3. സി.എ ടു പൊതുവിദ്യാഭ്യാസ ഡയറക്ടർ
4. സി.എ ടു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഹയർ സെക്കൻഡറി വിഭാഗം)
5. ബന്ധപ്പെട്ട ട്രഷറി ഓഫീസർ